**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 817** **01.03.2017-ൽ മറുപടിയ്ക്ക്**

**കള്ളിക്കാട്, അമ്പൂരി ആദിവാസി കോളനികളുടെ നവീകരണം**

**ചോദ്യം**
**ശ്രീ.സി.കെ. ഹരീന്ദ്രൻ**

**മറുപടി**
**ശ്രീ.എ.കെ.ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി)**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | പാറശ്ശാല നിയോജകമണ്ഡലത്തിലെ കള്ളിക്കാട്, അമ്പൂരി പഞ്ചായത്തുകളിൽ വിവിധ സെറ്റിൽമെന്റുകളിലായി വ്യാപിച്ചു കിടക്കുന്ന ആദിവാസി കോളനികളുടെ നവീകരണത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനും സ്വയംതൊഴിൽ പരിശീലനത്തിനും ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കാമോ? | | വിവിധ പദ്ധതികൾ പട്ടികവർഗ്ഗ വികസന വകുപ്പ് ത്രിതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കി വരുന്നു. അമ്പൂരി ഗ്രാമപഞ്ചായത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഹാംലെറ്റ് വികസന പദ്ധതി പ്രകാരം വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കള്ളിക്കാട്, അമ്പൂരി ഗ്രാമ പഞ്ചായത്തിലെ പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സമഗ്ര വികസനത്തിനുള്ള പദ്ധതി ശുപാർശ തയ്യാറാക്കി നൽകുന്നതിന് ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ, കാട്ടാക്കട ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി ജില്ലാതല വർക്കിംഗ് ഗ്രൂപ്പും സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പും പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ